## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 741** **29.09.2016-ൽ മറുപടിക്ക്**

### ആറ്റിങ്ങൽ ബൈപാസ് റോഡ്

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. ബി. സത്യൻ** | **ശ്രീ. ജി. സുധാകരൻ**<br>**പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി** |
| (എ) ആറ്റിങ്ങൽ ബൈപാസ് റോഡ് പദ്ധതി നടപ്പിൽ വരുത്തുന്നതിന് 2016 - 17 ലെ ബഡ്ജറ്റിൽ എത്ര തുക നീക്കി വച്ചിട്ടുണ്ടെന്നും, പദ്ധതി ഏതു രീതിയിലാണ് നടപ്പിൽ വരുത്തുന്നതിനാണ് തീരുമാനമെടുത്തിട്ടുള്ളതെന്നും വിശദമാക്കാമോ ; | (എ) ആറ്റിങ്ങൽ ബൈപ്പാസിന്റെ നിർമ്മാണം കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ ദേശീയപാതാ വികസന പദ്ധതിയായ എൻ.എച്ച്. ഡി.പി. ഘട്ടം-III ൽ ഓച്ചിറ തിരുവനന്തപുരം ഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഈ പദ്ധതിയുടെ ചെലവ് വഹിക്കുന്നത് കേന്ദ്ര മന്ത്രാലയമാണ്. |
| (ബി) ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ; | (ബി) ആറ്റിങ്ങൽ ബൈപ്പാസ് ഉൾപ്പെടെ ഓച്ചിറ - തിരുവനന്തപുരം പാതയുടെ പുതിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ കൺസൾട്ടന്റിനെ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) പദ്ധതിയുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ? | (സി) വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) അംഗീകരിച്ചതിനു ശേഷമേ സ്ഥലമെടുപ്പ് ആരംഭിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ